(സി) പൈപ്പുകൾ പൊട്ടി നാശനഷ്ടം ഉണ്ടാകുമ്പോൾ ജലഅതോറിറ്റി ഉദ്യോഗസ്ഥർ, തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ, റവന്യൂ അധികൃതർ, എം.എൽ.എ.-മാർ, എം.പി.-മാർ തുടങ്ങിയ ജനപ്രതിനിധികൾ പ്രസ്തുതസ്ഥലം പരിശോധിക്കുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും നഷ്ടപരിഹാരം നൽകിവരികയുംചെയ്യുന്നു. പൈപ്പ് പൊട്ടലിന്റെകാരണത്തെ സംബന്ധിച്ച വിഷയം അന്വേഷണ ഘട്ടത്തിലാണ്. ആയത് പൂർത്തിയാകുമ്പോൾമാത്രമേ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുകയുള്ളൂ.

എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതി

226 (2781) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുടിവെള്ളം ലഭ്യമല്ലാത്തവരുടെ എണ്ണം കണക്കാക്കപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്ന പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

(ബി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതികൾക്ക് മൊത്തം എത്രയുക ചെലവ് വരും ; തന്നാണ്ടിലെ ബജറ്റിൽ അതിനായി എത്ര യുക വകയിരുത്തിയിട്ടുണ്ട് ; വകയിരുത്തപ്പെട്ടയുകയിൽ ഇതിനകം ബജനാവിൽ നിന്നും ചെലവായതെത്ര ;

(സി) എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം ഏത് തീയതിക്കകം കൈവരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 30 ശതമാനം ആളുകൾക്കാണ് പൈപ്പുവഴി കുടിവെള്ളം നൽകുവാൻ സാധിക്കുന്നത്. തുടങ്ങിവച്ച പണികൾ പൂർത്തിയാകുമ്പോൾ ഇത് 60 ശതമാനം ആകുമെന്ന് കണക്കാക്കിയിരിക്കുന്നു. എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. ഈ പദ്ധതിയിൽ 14 എണ്ണം പൂർത്തീകരിച്ചു. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) മിഷൻ676-ൽ ഉൾപ്പെട്ട 154 പദ്ധതികൾക്ക് 3018 കോടി രൂപ ചെലവുവരും. ഇതിനായി തിരഞ്ഞെടുത്തിരിക്കുന്ന പദ്ധതികളുടെ ഓരോ ഹെഡ്ഡിലുമായി 2014-15 ബഡ്ജറ്റിൽ 43128 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

ഇതുവരെ ചെലവായിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി 154 പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിലൂടെ ഏകദേശം 83 ലക്ഷം പേർക്കാണ് പുതിയതായി ശുദ്ധജലം ലഭ്യമാക്കാൻ സാധിക്കുന്നത്. മിഷൻ 676-ലെ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ കാലാവധി 28-2-2016 ആണ്. എന്നാൽ വിഷൻ 2030 എന്ന ആശയത്തോടെ 2030 ആകുമ്പോഴേയ്ക്കും എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കാനാണ് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിടുന്നത്.

കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതി

227 (2782) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ NRDWP-WSS (നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോജക്ട്) പദ്ധതിയിൽ ചെങ്കള, മുളിയാർ, മധൂർ മൊഗ്രാൽ, പുത്തൂർ പഞ്ചായത്തുകളിൽ കുടിവെള്ളം നൽകുന്നതിനുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അനുമതി ലഭിച്ചത് എന്നാണെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ഇടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly